*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

**സായി വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 47 C**

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**
**ആഗസ്റ്റ് 21, 2023**

# മോഹനിദ്ര, മായ, ആരാധന

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!




നമുക്കറിയാം, ബാബ ആ ദിവസങ്ങളിൽ പതിവായി സമാധിയിലേക്ക് പോകുമായിരുന്നു, പിന്നീടുള്ള വർഷങ്ങളിലും സ്വാമി സമാധിയിലേക്ക് പോകുന്നത് സംഭവിച്ചിരുന്നു.
ഭഗവാൻ ആദ്യകാലങ്ങളിൽ സമാധിയിലേക്ക് പോകുന്നതിന്റെ ഒരു വിവരണമാണ് ഇത്.

മിക്കപ്പോഴും, ബാബ സമാധിയിലേക്ക് പോകുമായിരുന്നു. ഇത് മിക്കപ്പോഴും ഒരു സംഭാഷണമധ്യേ ആയിരിക്കും. ഇതിന് പ്രവചിക്കാവുന്ന ഒരു സമയമോ സാഹചര്യമോ ഉണ്ടാവില്ല. ഭക്തർ ആരെങ്കിലുമൊരാൾ വേദന അനുഭവിക്കുകയോ രോഗബാധിതരോ ആയാൽ, അഥവാ അസ്വസ്ഥരോ മാറാരോഗം

പിടിപെടുകയോ ചെയ്താൽ, അതുമല്ലെങ്കിൽ അവർക്ക് അംഗവൈകല്യമോ മറ്റോ സംഭവിച്ചാൽ, എന്തുതന്നെ ആയാലും ബാബ അവിടുത്തെ ശരീരം വിട്ടിട്ട് എവിടെയാണോ ദുരിതം, ആ സ്ഥലത്തേക്ക് പോകും.

കോണിപ്പടി ഇറങ്ങുമ്പോഴോ അഥവാ നടക്കുമ്പോഴോ, അവിടുന്ന് പലപ്പോഴും താഴെ വീഴും. ചിലപ്പോൾ അവിടുന്ന് മുമ്പോട്ടോ പുറകോട്ടോ ചായും. ഭജനയ്ക്കിടയിൽ, അവിടുത്തെ ശരീരം ഒരു പ്രതിമ കണക്കെ നിശ്ചലമാവും. ഉടനടി, പുരുഷന്മാർ അവിടുന്നിനെ താഴെ കിടത്തും. ആരുതന്നെ അവിടുത്തെ ശരീരം തൊടില്ല. ബാബതന്നെ അപ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്! ആ സമയത്ത് അവിടുന്ന് ആരെയും തിരിച്ചറിയില്ല. അവിടുന്ന് സ്വന്തം മുടി പിടിച്ചുവലിച്ച്, അത് പുഷ്പദളങ്ങളാണെന്ന തരത്തിൽ അവിടുത്തെ വായിലാക്കും!


മുറുക്കുന്നതിനായി ഒരു പെട്ടിയിൽ വെറ്റിലയും അടയ്ക്കയും ചുണ്ണാമ്പും ഉണ്ടെന്നുവരികിൽ, അവിടുന്ന് ആ വെറ്റ തീർക്കും. അവിടുന്ന് ഒരു ഭ്രാന്തനെപ്പോലെ ചിരിക്കും. അവിടുന്ന് തന്നോടുതന്നെ സംസാരിക്കും, ആർക്കും അത് മനസ്സിലാവില്ല. ചിലപ്പോൾ അവിടുത്തെ വായിൽനിന്ന് വിഭൂതി പുകയായി വരും. അവിടുന്ന് മറ്റു ഭാഷകളിൽ സംസാരിക്കും. അവിടുത്തെ കൈകളും മുഖവും വലിഞ്ഞുമുറുകും, അസഹനീയമായ വേദന അനുഭവിക്കുന്നു എന്നു തോന്നിക്കും. ചിലപ്പോൾ, അവിടുത്തെ മുഖം തേജോമയമാകും. അവിടുന്ന് കൈകൊണ്ട് എന്തെങ്കിലും മുറുകെ പിടിക്കുകയാണെങ്കിൽ, വിടുവിക്കാൻ പ്രയാസമായിരിക്കും.




ഭക്തർക്ക് ചെയ്യാനാവുന്ന ഒരേയൊരു കാര്യമെന്നത്, നിസ്സഹായരായി അവിടുന്നിനെ നോക്കിക്കൊണ്ടിരിക്കുക, മൗനമായി പ്രാർത്ഥിക്കുക എന്നതു മാത്രമാണ്. അവിടുന്ന് അത്തരം മോഹനിദ്രയിൽനിന്ന് മുക്തനാവുമ്പോഴൊക്കെ, ഒരു ഭക്തനെ രക്ഷിക്കാനായി പോയതാണെന്ന് പറയാറുണ്ട്.

കുറച്ചു ദിവസങ്ങൾക്കു ശേഷം രക്ഷിക്കപ്പെട്ട ഭക്തർ ബാബയോടുള്ള അവരുടെ നന്ദി അറിയിക്കാനായി വരുമ്പോൾ, അത്തരം സംഭവങ്ങൾ യാതൊരു വ്യത്യാസവുമില്ലാതെ പരിശോധിക്കപ്പെടാറുണ്ടായിരുന്നു.
ഇത്തരം മോഹനിദ്രകൾ 1943-ൽ ഉറവക്കൊണ്ടയിൽവച്ചും സംഭവിക്കാൻ തുടങ്ങി, പുട്ട പർത്തിയിലേക്ക് പോയിക്കഴിഞ്ഞും 1950-കളുടെ അവസാനം വരെ അത് തുടർന്നിരുന്നു. 1960-കളിൽ മോഹനിദ്രകളുടെ ആവൃത്തി കുറഞ്ഞുവന്നു.

1969-ലെ ശിവരാത്രി ദിനത്തിൽ, ബാബ അവിടുത്തെ ശരീരത്തിൽനിന്ന് ഒരു ലിംഗം പുറത്തെടുത്തതിനു ശേഷം, അര മണിക്കൂറിലേറെ നേരം മോഹനിദ്രയിലേക്ക് പോയി. പൊതുജനമദ്ധ്യത്തിലുള്ള ഏറെനേരം നീണ്ടുനിന്ന മോഹനിദ്രയായിരുന്നു ഇത്. ഇതൊക്കെയാണ് ബാബ മോഹനിദ്രയിലേക്ക് പോകുന്ന സാഹചര്യങ്ങൾ, അഥവാ അതിനെക്കുറിച്ചുള്ള വിവരണം.




ഇനി, ഭാരതീയ ആദ്ധ്യാത്മികതയ്ക്ക്, കാലത്തെയും സ്ഥലത്തെയും(time and space) പറ്റിയുള്ള പണ്ഡിതോചിതമായ വിശദീകരണങ്ങളെക്കുറിച്ചുള്ള അസംഖ്യം ചർച്ചകളെ നിരുത്സാഹപ്പെടുത്തുന്ന പ്രവണതയാണ്, കാരണം അത് സ്ഥലകാലങ്ങൾക്കതീതമായ ഒരു മണ്ഡലമാണ്. ശ്രീ സത്യ സായി ബാബയും അത്തരം ചർച്ചകളെ അംഗീകരിക്കുന്നില്ല.

വിഡ്ഢിയായ മാനവ മനസ്സ് ഇത്തരം കുരുക്കുകളുടെ പുറകെ അലയുന്നത് നിരുത്സാഹ പ്പെടുത്തുന്നതിനുവേണ്ടിയാവാം ഇത്.

ചില അവസരങ്ങളിൽ, അവിടുന്ന് പരസ്പരവിരുദ്ധങ്ങളും വ്യത്യസ്തങ്ങളുമെന്നു തോന്നി പ്പിക്കുന്ന തീയതികളും പേരുകളും പറഞ്ഞുകൊണ്ട് ആളുകളെ ആശയക്കുഴപ്പത്തിലാ ക്കുന്നു. അത്തരം വ്യർത്ഥമായ ഉദ്യമങ്ങളെ നിരുത്സാഹപ്പെടുത്താനുള്ള അവിടുത്തെ രീതിയാവാം ഇത്.



ഇതിന്റെ വെളിച്ചത്തിൽ, 1950-കളുടെ മധ്യം മുതൽക്ക്, ജീവചരിത്രങ്ങൾ 1940 അവിടുത്തെ അവതാരപ്രഖ്യാപ നവർഷമായി അംഗീകരിച്ചു എന്നത് അത്ര നിഗൂഢമായ കാര്യമല്ല. അക്കാ ലത്തെ സുപ്രധാനമായ പല തെളിവു കളും ഗവേഷകർക്ക് എളുപ്പം ലഭ്യമ ല്ല, അതാണ് വ്യത്യാസത്തിനു കാരണം! മഹാപ്രഖ്യാപനവർഷം ഔദ്യോഗികമായി 1940 എന്ന് സ്വീക രിക്കപ്പെട്ടിരിക്കുന്നു.

രാജുവിന്റെ അനുയായികൾ വർദ്ധിച്ചു വന്നു! തലേദിവസംവരെ അവിടുത്തെ സഹപാഠികളായിരുന്നവർ വന്ന് കത കിനപ്പുറം മടിയോടെ രാജുവിനെ അഭിലാഷഭാവത്തോടെ നോക്കിക്കൊ ണ്ടുനിന്നു. അവിടുന്ന് അവരെ അടുത്തേക്ക് വിളിച്ചു, അവരെക്കൊണ്ട് അവിടുന്നുതന്നെ മുമ്പ് പഠിപ്പിച്ചുകൊടുത്ത ഭജനകൾ പാടിച്ചു. അവിടുന്ന് അവർക്കായി പ്രസാദം സൃഷ്ടി ച്ചു. മൂന്നു ദിവസങ്ങൾ ഇങ്ങനെ കടന്നുപോയി!

സംഭവഗതികളുടെ ഈ പെട്ടെന്നുള്ള തിരിച്ചിലിന്റെ വർത്തമാനം പുട്ടപർത്തിയിലുമെത്തി. ഹംപിയിലും ഹോസ്പെറ്റിലും നടന്ന അത്ഭുതസംഭവങ്ങളാൽ വശീകരിക്കപ്പെട്ട കൂടുതൽ

ഭക്തരെയുംകൊണ്ടാണ് രാജു ഹംപിയിൽനിന്ന് തിരിച്ചെത്തിയിട്ടുള്ളതെന്ന് രാജുവിന്റെ ബന്ധുക്കൾ കേട്ടു.

തിരികെയെത്തിയതിനു ശേഷം, ഭൂമിയോ ഗൃഹമോ മേലിൽ അവിടുന്നിനെ ബന്ധിച്ചുനിർത്തില്ല എന്ന് വിളംബരം ചെയ്തുകൊണ്ട്, അവിടുന്ന് പുസ്തകങ്ങൾ വലി ച്ചെറിഞ്ഞും സഹപാഠികളെ ഉപേക്ഷിച്ചും, ലൗകിക ബന്ധങ്ങൾ തിരസ്കരിച്ചു! ചുറ്റും ഒഴുകിനടന്ന കിംവദന്തികൾ ഇതിലുമധികം വിചിത്രമായിരുന്നു. വാർത്ത ഉറവക്കൊണ്ട യിൽനിന്ന് അനന്തപൂരിലേക്ക്, അവിടെനിന്ന് ധർമ്മാവരത്തേക്കും ബുക്കപട്ടണത്തേക്കും, വായോടു വായ പറന്നു, അവസാനം വളച്ചൊ ടിക്കലുകളുടെ ഭാരം പേറി, പുട്ടപർത്തിയിലു മെത്തി. കിംവദന്തികൾ എപ്രകാരമാണ് പരക്കുന്നത്, പ്രത്യേകിച്ചും സാധാരണക്കാരല്ലാ ത്തവരെ സംബന്ധിച്ചുള്ളതാവുമ്പോൾ!




ആളുകൾ വിശ്വസിക്കുക അവരെന്താണോ വിശ്വസിക്കാനാഗ്രഹിക്കുന്നത് അതാണ്, അല്ലാതെ സത്യമല്ല! സൂത്രവാക്യങ്ങൾ നിർമ്മിക്കപ്പെടുന്നത്, പെരുമാറ്റ രീതികൾ ചിട്ടപ്പെ ടുത്തപ്പെടുന്നത്, ആളുകളുടെയും സംഭവങ്ങളുടെയും വർഗീകരണം നടത്തപ്പെടുന്നത്,



ഏതെങ്കിലും വ്യക്തിയുടെ മാനുഷികാനുഭവത്തിന്റെ അടിസ്ഥാനത്തിലാവും, അതെത്ര മാത്രം പരിമിതമാണെങ്കിൽപ്പോലും!

മനോരഥം, ഈ പരുക്കൻ യാഥാർത്ഥ്യത്തിന്റെ ലോകത്ത് മിക്കപ്പോഴും നഷ്ടമാവുന്ന പ്രകൃത്യതീതമായതിന് മോഹനസ്പർശം കൂട്ടിച്ചേർക്കുന്നു. ആ തിങ്കളാഴ്ച ദിവസം ബുക്കപട്ടണം വാരച്ചന്തയിൽനിന്ന് പുട്ടപർത്തിയിൽ തിരിച്ചെത്തിയവർ, യഥേഷ്ടം കേട്ടുകേൾവികൾ പരത്തി: ''സത്യം പുട്ടപർത്തിയിലേക്ക് രക്ഷപ്പെട്ടു! സത്യം ഒരു ബാല യോഗിയായിത്തീർന്നു! സത്യം ഭൂമിക്കടിയിലേക്ക് പോയി! സത്യം ഒരു രഥത്തിൽ കയറി, നിന്നിരുന്നിടത്തുനിന്ന് ഉയർന്നുപോയി, ഒരു പിടി മുല്ലപ്പൂക്കൾ മാത്രമാണ് അവശേഷിച്ചതായി കാണപ്പെട്ടത്! സത്യം ജീവിച്ചിരിപ്പില്ല!'' അന്നത്തെ കേട്ടുകേൾവികളുടെ ഗതി ഇതായിരുന്നു.

ശേഷമ്മ രാജുവിൽനിന്ന് ഇനിയും യാതൊരു വാർത്തയും ഇല്ലായിരുന്നു. മാതാപിതാക്കൾ ആശങ്കയിലായി. വെങ്കമ്മ രാജു ഉറവക്കൊണ്ടയിലേക്ക് തന്നത്താനെ പോയി തിരക്കുന്നതിനു തീരുമാനിച്ചു. ഈശ്വരമ്മ അദ്ദേഹത്തെ അനുഗമിക്കുന്നതിനു തീരുമാനിച്ചു.




ഉറവക്കൊണ്ടയിലേക്കുള്ള വഴിക്ക്, അവരൊരു ദൂതനെ കണ്ടുമുട്ടി, അയാൾ ശേഷമ്മ രാജുവിൽനിന്നുള്ള ഒരു കത്തുമായി വരികയായിരുന്നു. സത്യം ഉറവക്കൊണ്ട വിട്ടിട്ടില്ല. ഉറവക്കൊണ്ടയിൽത്തന്നെ തങ്ങുന്നതിന് ശേഷമ്മ രാജു അവനെ നിർബന്ധിച്ചിരിക്കുകയാണ്. പുതിയ ബാബയുടെ മാതാപിതാക്കൾ എന്ന നിലയ്ക്ക് ആളുകൾ അവരെ കൗതുകത്തോടെയും ആരാധനയോടെയും വീക്ഷിക്കുന്നതിൽ അവർക്ക് അസ്വസ്ഥത തോന്നി.

അവർ ഭവനത്തിൽ പ്രവേശിച്ചപ്പോൾ കാണുന്നത് അവരുടെ സ്വന്തം രാജു അവന്റെ ഒരു വശത്തായി കൂന കൂട്ടിയിരിക്കുന്ന ഹാരങ്ങൾക്കരികെ ഇരിക്കുന്നതാണ്. വീട്ടിൽ ഒത്തിരി പേരുണ്ടായിരുന്നു, കാര്യങ്ങൾ മുറയ്ക്കാക്കുന്നതിന് ശേഷമ്മ രാജു പാടുപെടുന്നു.

അദ്ദേഹം അച്ഛനമ്മമാർക്ക്, രാജുവിനെ സമീപിക്കത്തക്കവണ്ണം, വഴിയൊരുക്കി; അവിടുന്ന വരെ കണ്ടപാടെ പറഞ്ഞു, ''ഓ! മായ എത്തിയിരിക്കുന്നു!''

ഈശ്വരമ്മ നിയന്ത്രണം വിട്ട് തന്റെ വിധിയെച്ചൊല്ലി വിലപിച്ചു, തങ്ങൾക്കൊപ്പം പുട്ട പർത്തിക്കു മടങ്ങുന്നതിന് പെദ്ദ വെങ്കമ്മ രാജു രാജുവിനോട് അപേക്ഷിച്ചു.
എന്നാൽ രാജു ചോദിച്ചു, ''ആര് ആരുടെ സ്വന്തം?''

ആർക്കുംതന്നെ ആ പയ്യന്റെ ദൃഢനിശ്ചയത്തെ ഇളക്കാനായില്ല. അവൻ സ്ഥിരമായി ആവർത്തിക്കുന്നുണ്ടായിരുന്നു, ''ഇതെല്ലാം മായയാണ്!'' എന്നിട്ടും, ഈശ്വരമ്മയ്ക്ക് ഈ തത്വചിന്ത ബോധ്യപ്പെട്ടില്ല. അവരുടെ മാതൃ ഹൃദയം അവരുടെ പുത്രനെ ഊട്ടാനായി മാത്രം, അവനെ തന്റെ മടിയിലിരുത്താനായി, അവന്റെ മുടി കോതുന്നതിനായി, അവന് പാടാനിഷ്ടമുള്ള ഗാനങ്ങൾ കേൾക്കുന്നതിനായി, വീണ്ടും അവന്റെ പണ്ഡരി ഭജൻ നൃത്തം കാണുന്നതിനായി വെമ്പി.



പോയ ദിനങ്ങളുടെ മധുരസ്മരണകൾ അവരെ പൊട്ടിക്കരയിച്ചു. സമാശ്വസിപ്പിക്കാനും സാന്ത്വനപ്പെടുത്താനുമുള്ള ഉദ്യമത്തിൽ അവരെ അവിടെനിന്നും മാറ്റേണ്ടിവന്നു. സമീപദിവസങ്ങളിൽ അരങ്ങേറിയ അതിശയകരമായ സംഭവങ്ങൾ അവിടെ കൂടിയിരുന്നവരാരോ അവരോട് വിശദീകരിച്ചു. പക്ഷേ ഈശ്വരമ്മയ്ക്ക് കുലുക്കമുണ്ടായില്ല!
''സത്യൻ ഇന്നെപ്പോഴാണ് കഴിച്ചത്?'' അവർക്ക് അറിയേണ്ടിയിരുന്ന ഒരേയൊരു കാര്യം അതായിരുന്നു!



''അവൻ കഴിക്കുകതന്നെ ചെയ്തിട്ടുണ്ടാവുമോ? ഇപ്പോളവന് ഏറ്റവും ഇഷ്ടമുള്ള ആഹാരം എന്താണ്?'' മകന്റെ നേർക്കുള്ള അവരുടെ മാതൃസഹജമായ ആകാംക്ഷ, അവരെ ഗ്രസിച്ച ആധിയും ഭീതിയും വിടുന്നതിനായുള്ള ഒരു തിരയിള ക്കമായി മാറി.

രാജു പുറത്തു പോകുന്നതിനായി അക്ഷമനായിരുന്നു. കെട്ടുപിണയുന്ന പുത്രോചിത വികാരങ്ങൾ നിറഞ്ഞ അടഞ്ഞ ആ സ്ഥലം, അവനെ ശ്വാസം മുട്ടിക്കുകയാ യിരുന്നു. പക്ഷേ മാതാവു തന്നെ സ്വയം അടുക്കള യിൽ ആഹാരം പാകം ചെയ്തുകൊണ്ടിരിക്കുകയാണ് എന്നു ധരിപ്പിച്ചപ്പോൾ, അവൻ തീർത്തും അതിശയക രമായി, താൻ കഴിക്കാം എന്ന് മറുപടി പറഞ്ഞു. ആ വാക്കുകൾ ആ മാതാവിന്റെ ഹൃദയത്തിന് ലേപനമായിരുന്നു. വർദ്ധിതോത്സാഹ ത്തോടെ അവർ പാചകം തുടങ്ങി. ആഹാരം തയ്യാറായപ്പോൾ, രാജു തന്റെ മാതാപിതാ ക്കൾ നിന്നയിടത്തേക്ക് നടന്നിട്ട് തറയിൽ വിരിച്ച ഒരു ഈറ്റപ്പായയിൽ, തനിക്കു മുമ്പാകെ ഒരു പ്ലേറ്റുമായി, ഇരുന്നു.

അവിടുന്നിനെ നിർവികാരനായി തോന്നിച്ചു, അവിടുത്തെ മാതാവ് അവരുടെ പ്രേമം ആ പ്ലേറ്റിൽ ചൊരിഞ്ഞു! പറഞ്ഞുനിർത്തുമ്പോൾ, അവർ വികാരാധീനയായി, അവിടുന്നത് സ്വീകരിച്ചു എന്ന് ആംഗ്യം കാട്ടി. ത്ഡടിതിയിലുള്ള ഒരു നീക്കത്തിൽ, രാജു ആ ചോറെല്ലാം കൂടി ഒരൊറ്റ ഉരുളയായി കുഴച്ചു, അതിനെ മൂന്ന് ഉരുളകളാക്കി.

''മായ, മായ!'' അവിടുന്ന് ആവർത്തിച്ചുകൊണ്ടിരുന്നു.

രാജു അടുത്തേക്കു ചെല്ലാനായി വിളിക്കുകയാണെന്ന് ആരോ സ്തബ്ധയായ ആ മാതാ വിനോട് പറഞ്ഞു. അവർ മുമ്പോട്ടു ചെന്നു. ഉരുളകളിലൊന്ന് അവരുടെ വലതു കൈപ്പട ത്തിൽ വച്ചിട്ട് അത് സ്വീകരിക്കുന്നതിനായി തന്റെ കൈവെള്ള അവർക്കു മുമ്പാകെ നീട്ടി.

അവരത് തിരികെ നൽകിയപ്പോൾ, രാജു മന്ത്രിക്കുകയായിരുന്നു, ''മായ പൊയ്പോയിരി ക്കുന്നു! മായ വിട്ടുപോയിരിക്കുന്നു!''

അറ്റ് രണ്ടുരുളകൾക്കും ഇതേ കാര്യം തന്നെ സംഭവിച്ചു. എല്ലാ പുത്രബന്ധനങ്ങളും മുറിക്കപ്പെട്ടു. ഗൗരവമുള്ള അന്തരീക്ഷം എല്ലാവരെയും സ്തബ്ധരാക്കി, ശേഷമ്മ രാജുവിനെ ഉൾപ്പടെ. സത്യൻ മേലിൽ അവരുടെ പുത്രനല്ല! അവിടുന്ന് സമസ്ത മാനവരാശിയുടെയും സ്വന്തമായിരിക്കുന്നു. അവർക്ക് അവിടുത്തെ നിഗൂഢതയുടെ കുരുക്കഴിക്കാൻ കഴിഞ്ഞില്ല.



നടന്നതിന്റെയെല്ലാം അപാരമായ പ്രസക്തി ഉൾക്കൊള്ളുന്നതിന് ആ അച്ഛനമ്മമാർക്ക് പ്രയാസമായിരുന്നു. തങ്ങളുടെ പുത്രൻ ഒരു ദിവ്യജീവിയാണെന്ന് വാസ്തവത്തിൽ അവർക്ക് സമ്മതിക്കുവാൻ പറ്റിയോ? ഈശ്വരമ്മയെ സംബന്ധിച്ചിടത്തോളം, അവിടുത്തെ സുരക്ഷയും ഭൗതികക്ഷേമവും അവരുടെ പ്രാഥമിക ഉത്കണ്ഠയായി തുടർന്നു. തന്റെ പേരും പാരമ്പര്യവും രാജുവിന് നൽകിയ പിതാവാകട്ടെ കൂടുതൽ പ്രായോഗികബുദ്ധിയുള്ള ആളായിരുന്നു. ഭാരതീയ ആദ്ധ്യാത്മിക വിജ്ഞാനത്തിലുള്ള തന്റെ പരമ്പരാഗതമായ പരിശീലനവും ആപത്തിലുള്ള സ്വന്തം വിപദിധൈര്യവും നിഷ്ക്രിയമായ ആത്മസംയമത്തോടെ ഭാവിയെ സ്വീകരിക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചു!

അപ്പോഴേക്കും പ്രസിദ്ധമായ രാജു കുടുംബം വെങ്കമ്മ രാജുവിന്റെ ഉറച്ച വേരിന്മേൽ നിൽപ്പായി, അതിന്റെ ശിഖരങ്ങളിൽ ഈശ്വരമ്മയിൽനിന്നു പൈതൃകമായി ലഭിച്ച തീവ്രഭാവങ്ങളുടെ കറയുണ്ടായിരുന്നു. നാളെ സാധ്യതകളെപ്പറ്റി കേൾക്കപ്പെടാതെ അജ്ഞാതമായി നിലകൊണ്ടു! തങ്ങൾ ആ ദിവസം എത്രമാത്രം അനുഗൃഹീതരാണെന്ന് മനസ്സിലാക്കാതെ, വിശേഷാധികാരികളായ ആ അച്ഛനമ്മമാർക്ക് ഒരു കാര്യം ഉറപ്പായും മനസ്സിലായി! ആ മാറിയ സാഹചര്യങ്ങൾക്കൊത്ത് ഇണങ്ങിപ്പോവാൻ തങ്ങളെ സഹായിച്ചത് പ്രേമം, മാനവത്വം, പിന്നെ കൃപ ഇവ മാത്രമാണെന്ന്.

അന്നു മുതൽക്ക്, അവർ അവരുടെ പ്രിയപ്പെട്ട സത്യനെ സ്വാമി, ആരാധ്യനായവൻ, എന്നു പരാമർശിക്കാൻ തുടങ്ങി! എന്നാൽ ലോകരെ സംബന്ധിച്ചിടത്തോളം, അവിടുന്ന് വൈകാതെ ശ്രീ സത്യ സായി ബാബ എന്ന് അറിയപ്പെടാനിരുന്നു. വൈകുന്നേരങ്ങളും രാത്രികളും ആഞ്ജനേയുലുവിന്റെ തോട്ടത്തിൽ ഭജനകളിൽ ചെലവഴിക്കപ്പെട്ടു. പാട്ടും പ്രാർത്ഥനയും, ആ തണുത്ത ഒക്ടോബറിന്റെ പുലരികളിൽ പോലും, മണിക്കൂറുകൾ തുടർച്ചയായി നീണ്ടു.

ധാരാളം വർഷങ്ങൾക്കു ശേഷം, പ്രഖ്യാപനത്തിനു മുമ്പു നടന്ന സംഭവവികാസങ്ങൾ ശേഷമ്മ രാജുവിന് വിശദീകരിക്കേണ്ടി വന്നു. അങ്ങനെയാണ് ഭഗവാൻ ബാബയുടെ അവതാരപ്രഖ്യാപനത്തിനു മുമ്പ് എന്താണ് നടന്നതെന്ന് ശേഷമ്മ രാജുവിന് കുറച്ചു സംഗതികൾ പറയാനുണ്ടായിരുന്നത്.

അപ്പോൾ, നാം ഭഗവാൻ ബാബയുടെ ബാല്യകാലം മുതൽക്കുള്ള ജീവചരിത്രം അറിഞ്ഞു വരികയാണ്. മനസ്സിലാക്കാനായി ഒരുപാട് കാര്യങ്ങളുണ്ട്. നമുക്ക് അടുത്ത ലക്കത്തിനായി ആകാംക്ഷയോടെ കാത്തിരിക്കാം.

നിങ്ങളുടെ സമയത്തിന് നന്ദി.



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)